130 (756) മാത്തിൽ ഗവൺമെന്റ് റൂറൽ ഡിസ്പെൻസറി

ശ്രീ. കെ.പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃക്കരിപ്പൂർ നിയോജകമണ്ഡലത്തിലെ (കണ്ണൂർ ജില്ല) മാത്തിൽ ഗവൺമെന്റ് റൂറൽ ഡിസ്പെൻസറിയിൽ ആവശ്യമായ കെട്ടിട സൗകര്യം ഉണ്ടായിട്ടും ഡോക്ടറും സ്റ്റാഫും ഇല്ലാത്തതുകാരണം രോഗികളെ കിടത്തി ചികിത്സിക്കാൻ കഴിയാത്ത സ്ഥിതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് പരിഹരിക്കാൻ സർക്കാർ അടിയന്തിര നടപടി സ്വീകരിക്കുമോ;

(സി) വിശദവിവരം അറിയിക്കുമോ?

ഉത്തരം

(എ)-(സി) ഈ സ്ഥാപനത്തിൽ 10 കിടക്കകളുള്ള ഒരു വാർഡാണ് നിർമ്മിച്ചിട്ടുള്ളത്. നിലവിലുള്ള മാനദണ്ഡം അനുസരിച്ച് 10 കിടക്കകൾക്ക് ഒരു ഡോക്ടറിൽ കൂടുതൽ തസ്തിക അനുവദിക്കാൻ നിർവ്വാഹമില്ല. ഇവിടെ കിടത്തി ചികിത്സ ആരംഭിക്കുന്നതിലേയ്ക്കായി ഒരു സ്റ്റാഫ് നഴ്സ്, ഒരു ഹോസ്പിറ്റൽ അറ്റന്റന്റ് എന്നീ തസ്തികകൾ അധികമായി സൃഷ്ടിക്കുന്നതിനുള്ള നിർദ്ദേശം സർക്കാർ പരിഗണനയിലാണ്.

131 (757) മലപ്പുറം ജില്ലയിലെ പി.എച്ച്. സെന്ററുകളിലെ ഡോക്ടർമാരുടെ അഭാവം

ശ്രീ. എൻ. കണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിലെ പല പി.എച്ച്.സി.കളിലും ഡോക്ടർമാരില്ല എന്നകാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മലപ്പുറം ജില്ലയിലാകെ ഇപ്പോൾ എത്ര ഒഴിവുകളാണ് ഉള്ളത് എന്ന് വെളിപ്പെടുത്തുമോ;

(സി) പല പി.എച്ച്.സി.കളിലും കോൺട്രാക്ട് അടിസ്ഥാനത്തിലുള്ള ഡോക്ടർമാരാണ് ജോലി ചെയ്യുന്നത് എന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഡോക്ടർമാരെ പി.എസ്.സി.വഴി നിയമിക്കുന്നതിനുള്ള നടപടി എന്നത്തേയ്ക്ക് പൂർത്തിയാവുമെന്ന് അറിയിക്കുമോ?

ഉത്തരം

(എ)-(ഡി) കരാർ അടിസ്ഥാനത്തിലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയും നികത്തിയിട്ടുള്ളത് കഴിച്ച് ജില്ലയിൽ ഡോക്ടർമാരുടെ 15 ഒഴിവുകളാണ് ഉള്ളത്. അസിസ്റ്റന്റ് സർജൻമാരുടെ ഒഴിവുകൾ നികത്തുന്നതിനായി പി.എസ്.സി. എഴുത്തുപരീക്ഷയും ഇന്റർവ്യൂവും നടത്തിക്കഴിഞ്ഞു. റാങ്ക് ലിസ്റ്റ് താമസംവിന പ്രസിദ്ധീകരിക്കപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly